Reg. No. : ..................................

# FY 36

Name : ..................................

# FIRST YEAR HIGHER SECONDARY MODEL EXAMINATION, FEBRUARY 2023

## Part – III

## POLITICAL SCIENCE

**Maximum : 80 Scores**

Time : 2½ Hours

Cool-off Time : 15 Minutes

***General Instructions to Candidates :***

- *There is a 'Cool off time' of 15 minutes in addition to the writing time.*
- *Use the 'cool off time' to get familiar with questions and to plan your answers.*
- *Read questions carefully before answering.*
- *Read the instructions carefully.*
- *Calculations, figures and graphs should be shown in the answer sheet itself.*
- *Malayalam version of the questions is also provided.*

**വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ :**

- നിർദ്ദിഷ്ട സമയത്തിന് പുറമെ 15 മിനിട്ട് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും.
- 'കൂൾ ഓഫ് ടൈം' ചോദ്യങ്ങൾ പരിചയപ്പെടാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- കണക്ക് കൂട്ടലുകൾ, ചിത്രങ്ങൾ, ഗ്രാഫുകൾ, എന്നിവ ഉത്തരപേപ്പറിൽ തന്നെ ഉണ്ടായിരിക്കണം.
- ചോദ്യങ്ങൾ മലയാളത്തിലും നൽകിയിട്ടുണ്ട്.

Score

**1 മുതൽ 10 വരെയുള്ള ചോദ്യങ്ങളിൽ 16 സ്കോറിന് ഉത്തരമെഴുതുക.** 16

1. സ്വത്തവകാശത്തെ മൗലികാവകാശങ്ങളുടെ പട്ടികയിൽ നിന്നും നീക്കം ചെയ്ത ഭരണഘടനാ ഭേദഗതി ഏത് ?

   a) 42 b) 44

   c) 73 d) 38 (1)

2. ഇന്ത്യൻ ഭരണഘടന നിലവിൽ വന്നത് ______.

   a) 1950 ജനുവരി 26

   b) 1949 നവംബർ 26

   c) 1946 ഡിസംബർ 9

   d) 1950 ഡിസംബർ 26 (1)

3. 'അജ്ഞതയുടെ മൂടുപടം' എന്ന ആശയം ആരുമായി ബന്ധപ്പെട്ടിരിക്കുന്നു ?

   a) റൂസ്സോ

   b) അരിസ്റ്റോട്ടിൽ

   c) ജെ. എസ്. മിൽ

   d) ജോൺ റാൾസ് (1)

4. ഇന്ത്യയിലെ തദ്ദേശ ഗവൺമെന്റുകളുടെ പിതാവ് എന്നറിയപ്പെടുന്നത് ആര് ? (1)

5. 'ഭരണഘടനയുടെ അടിസ്ഥാന ഘടന' എന്ന ആശയം കോടതി മുന്നോട്ടുവച്ച കേസ് ഏതെന്ന് കണ്ടെത്തുക. (1)

Score

6. ചുവടെ നൽകിയിരിക്കുന്നവയിൽ നിന്നും രാഷ്ട്രീയാവകാശങ്ങൾ ഏതൊക്കെയെന്ന് കണ്ടെത്തുക.

i) വോട്ടവകാശം

ii) കോടതിയെ സമീപിക്കാനുള്ള അവകാശം

iii) വിശ്രമത്തിനുള്ള അവകാശം

iv) തെരഞ്ഞെടുപ്പിൽ മത്സരിക്കാനുള്ള അവകാശം (2)

7. ചുവടെ നൽകിയിരിക്കുന്ന ശരിയായ ഉത്തരങ്ങൾ ഉപയോഗിച്ച് പട്ടികയിലെ കോളങ്ങൾ പൂരിപ്പിക്കുക.

- കേന്ദ്രത്തിന് മാത്രം അധികാരമുള്ളവ
- സംസ്ഥാനങ്ങൾക്ക് മാത്രം അധികാരമുള്ളവ
- കേന്ദ്രത്തിനും സംസ്ഥാനങ്ങൾക്കും അധികാരമുള്ളവ (3)

| ലിസ്റ്റുകൾ | അധികാരങ്ങൾ |
|---|---|
| i) യൂണിയൻ ലിസ്റ്റ് | • |
| ii) കൺകറന്റ് ലിസ്റ്റ് | • |
| iii) സ്റ്റേറ്റ് ലിസ്റ്റ് | • |

8. ചേരുംപടി ചേർക്കുക. (3)

| | |
|---|---|
| IAS | ജില്ലാ പോലീസ് സൂപ്രണ്ട് |
| IPS | അംബാസഡർ |
| IFS | അക്കൗണ്ടന്റ് ജനറൽ |
| | ജില്ലാ കളക്ടർ |

Score

9. ചില പുസ്തകങ്ങളുടെ പേര് ബ്രാക്കറ്റിൽ നൽകിയിരിക്കുന്നു. അവയെ പട്ടികയിൽ ശരിയായി ക്രമപ്പെടുത്തുക. (4)

(സ്വാതന്ത്ര്യത്തിലേക്കുള്ള ദീർഘയാത്ര, ഹിന്ദ്സ്വരാജ്, സാതാനിക് വേഴ്സസ്, സ്വാതന്ത്ര്യത്തിലേക്ക്)

| | |
|---|---|
| i) മഹാത്മാഗാന്ധി | • |
| ii) ജെ. എസ്. മിൽ | • |
| iii) നെൽസൺ മണ്ടേല | • |
| iv) സൽമാൻ റുഷ്ദി | • |

10. ചുവടെ നൽകിയിരിക്കുന്ന പ്രസ്താവനകളിൽ നിന്നും കേവല ഭൂരിപക്ഷ സമ്പ്രദായത്തിന്റെ (FPTP) സവിശേഷതകൾ കണ്ടെത്തുക.

- രാജ്യത്തെ നിരവധിയായ ചെറിയ നിയോജക മണ്ഡലങ്ങളായി വിഭജിച്ചിരിക്കുന്നു.
- രാജ്യം മുഴുവനും ഒറ്റ നിയോജക മണ്ഡലമാകാം.
- വോട്ടർമാർ പാർട്ടിക്ക് വോട്ട് ചെയ്യുന്നു.
- വോട്ടർമാർ സ്ഥാനാർത്ഥിക്ക് വോട്ട് ചെയ്യുന്നു.
- ഓരോ നിയോജക മണ്ഡലത്തിൽ നിന്നും ഒരു പ്രതിനിധിയെ തെരഞ്ഞെടുക്കുന്നു.
- ഒന്നിൽ കൂടുതൽ പ്രതിനിധികളെ ഒരു നിയോജക മണ്ഡലത്തിൽ നിന്നും തെരഞ്ഞെടുക്കുന്നു. (3)

**11 മുതൽ 15 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക. 3 സ്കോർ വീതം.** **(4×3=12)**

11. ഇന്ത്യൻ പ്രസിഡന്റിന്റെ ഏതെങ്കിലും മൂന്ന് വിവേചനാധികാരങ്ങൾ കണ്ടെത്തുക.

12. രാഷ്ട്രീയ സിദ്ധാന്ത പഠനം ഏതൊക്കെ തരത്തിലാണ് നമുക്ക് പ്രയോജനം ചെയ്യുന്നത്. ഏതെങ്കിലും മൂന്നെണ്ണം ചൂണ്ടിക്കാണിക്കുക.

13. മൂന്ന് വ്യത്യസ്ത രീതികളിൽ ഇന്ത്യൻ ഭരണഘടന ഭേദഗതി ചെയ്യാം. ഇന്ത്യൻ ഭരണഘടന ഭേദഗതി ചെയ്യുന്നതിനുള്ള വ്യത്യസ്ത രീതികൾ തിരിച്ചറിയുക.

Score

14. ഇന്ത്യൻ പൗരത്വം ആർജ്ജിക്കുന്നതിനുള്ള ഏതെങ്കിലും മൂന്ന് മാർഗ്ഗങ്ങൾ എഴുതുക.

15. 'ഹാനിസിദ്ധാന്ത'ത്തെക്കുറിച്ച് ചുരുക്കി വിശദീകരിക്കുക.

**16 മുതൽ 20 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക. 4 സ്കോർ വീതം.** (4×4=16)

16. ഇന്ത്യൻ സുപ്രീം കോടതിയുടെ അധികാരപരിധിയെ കുറിച്ച് വിശദീകരിക്കുക.

17. 'ലോകത്തെ എല്ലാ രാജ്യങ്ങളും ഒരു ഭരണഘടനയോടു കൂടിയാണ് പ്രവർത്തിക്കുന്നത്'. ഭരണഘടനയുടെ ഏതെങ്കിലും നാല് ചുമതലകൾ എഴുതുക.

18. ഇന്ത്യൻ ഭരണഘടനയുടെ ചില രാഷ്ട്രീയ തത്വശാസ്ത്രങ്ങൾ ചുവടെ നൽകിയിരിക്കുന്നു. അവയെ വിശദീകരിക്കുക.

    i) വ്യക്തിസ്വാതന്ത്ര്യം

    ii) മതേതരത്വം.

19. ഘടനാപരമായ ഹിംസയുടെ ഏതെങ്കിലും നാല് രൂപങ്ങളെക്കുറിച്ച് ചുരുക്കി എഴുതുക.

20. നീതിയുടെ രണ്ട് തത്വങ്ങൾ ചുവടെ നൽകിയിരിക്കുന്നു. അവയെക്കുറിച്ച് വിശദീകരിക്കുക.

    i) തുല്ല്യർക്ക് തുല്ല്യ പരിഗണന

    ii) പ്രത്യേക ആവശ്യങ്ങൾ അംഗീകരിക്കൽ.

**21 മുതൽ 25 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക. 5 സ്കോർ വീതം.** (4×5=20)

21. ഇന്ത്യൻ തെരഞ്ഞെടുപ്പ് കമ്മീഷന്റെ ചുമതലകൾ വിശദീകരിക്കുക.

22. പാശ്ചാത്യ മതേതരത്വം, ഇന്ത്യൻ മതേതരത്വം ഇവ താരതമ്യം ചെയ്യുക.

23. ഇന്ത്യൻ ഫെഡറലിസത്തിലെ ഏതെങ്കിലും രണ്ട് തർക്കമേഖലകൾ കണ്ടെത്തി വിശദീകരിക്കുക.

24. സമത്വം എന്നാൽ എന്ത് ? സമത്വത്തിന്റെ ഏതെങ്കിലും രണ്ട് തലങ്ങൾ വിശദീകരിക്കുക.

25. 73-ാം ഭരണഘടനാ ഭേദഗതി നിയമത്തിലെ പ്രധാന സവിശേഷതകൾ വിവരിക്കുക.

Score

**26 മുതൽ 28 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരമെഴുതുക.**
**8 സ്കോർ വീതം.** (2×8=16)

**26.** ഇന്ത്യൻ ഭരണഘടന ഉറപ്പു നൽകിയിട്ടുള്ള മൗലികാവകാശങ്ങളെക്കുറിച്ച് ഒരു ലേഖനം തയ്യാറാക്കുക.

**27.** ഇന്ത്യൻ പാർലമെന്റിന്റെ ചുമതലകൾ വിശദീകരിക്കുക.

**28.** ദേശീയത എന്നാൽ എന്ത് ? ദേശീയതയെ പരിപോഷിപ്പിക്കുന്ന ഘടകങ്ങൾ വിശദീകരിക്കുക. സൂചനകൾ ഉപയോഗിക്കാവുന്നതാണ്.

**സൂചനകൾ :**

- പൊതുവായ വിശ്വാസങ്ങൾ
- ചരിത്രം
- ഭൂപ്രദേശം
- പൊതുവായ രാഷ്ട്രീയ ആദർശങ്ങൾ.